സൗന്ദര്യവൽക്കരണം, വിഴിഞ്ഞം ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജ്, കോവളം ആർട്ടിഫിഷ്യൽ റീഫ്, കോവളം സൗന്ദര്യവൽക്കരണ പദ്ധതി, കോവളം വേസ്റ്റ് മാനേജ്മെന്റ് എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിനായി ഏകദേശം 15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി കോവളം നിയോജകമണ്ഡലത്തിൽ കോവളം സൗന്ദര്യവൽക്കരണം പദ്ധതി, ആർട്ടിഫിഷ്യൽ റീഫ് പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. ഇതിനായി താഴെപ്പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട് :

1. ആർട്ടിഫിഷ്യൽ റീഫ് - 7.68 കോടി രൂപ
2. കോവളം സൗന്ദര്യവൽക്കരണം - 2.73 കോടി രൂപ

പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.

അരുവിക്കരയിലെ വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം

95 (1565) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അരുവിക്കരയിലെ വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അരുവിക്കരയിൽ ശിവാപാർക്ക് മോടിപിടിപ്പിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. പണി അന്തിമ ഘട്ടത്തിലെത്തിയിട്ടുണ്ട്. കൂടാതെ അരുവിക്കരയുടെ സമഗ്ര ടൂറിസം വികസനത്തിനായി സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിൽ ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കുകയും 47.43 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ മറ്റ് പദ്ധതികൾ ഒന്നും പരിഗണനയിൽ ഇല്ല.

കല്ലട-മൺട്രോതുരുത്ത് ടൂറിസം പദ്ധതി

96 (1566) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഴക്കേകല്ലട, പടിഞ്ഞാറെ കല്ലട, മൺട്രോതുരുത്ത് ഭാഗങ്ങളെ ഉൾപ്പെടുത്തിയുള്ള ടൂറിസം പദ്ധതിയുടെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുന്നത്തൂർ മണ്ഡലത്തിലെ ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പോരുവഴി പഞ്ചായത്തുകളുടെ സംഗമസ്ഥലമായ ചക്കുവള്ളി ചിറയോടനുബന്ധിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് പരിഗണിക്കുമോ ?

ഉത്തരം

(എ) കിഴക്കേ കല്ലട, പടിഞ്ഞാറെ കല്ലട, എന്നിവിടങ്ങളിൽ ടൂറിസം പദ്ധതി നിലവിലില്ല. മൺട്രോ തുരുത്തിൽ അഷ്ടമുടി ബാക്ക് വാട്ടർ സർക്യൂട്ടിന്റെ ഭാഗമായി ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുവാനുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ചുമതല സിഡ്കോയെ ഏല്പിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(ബി) പരിശോധിക്കാവുന്നതാണ്.

കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം

97 (1567) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിൽ കനാൽ സംരക്ഷണത്തിനായി രൂപീകരിച്ച കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം കഴിഞ്ഞ നാലര വർഷക്കാലമായി സാമ്പത്തിക ബുദ്ധിമുട്ടുകാരണം മന്ദീഭവിച്ചിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ സൊസൈറ്റിയുടെ പ്രവർത്തനംമൂലം ഭൗതികമായ എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ; ഈ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനത്തിനായി 9 ലക്ഷം രൂപാ അനുവദിച്ചിരുന്നു. കൂടാതെ, പെർഫെക്ട് അഗ്രിമാനേജ്മെന്റ് കോർപ്പറേഷൻ എന്ന ഏജൻസിക്ക് കനാൽ മാനേജ്മെന്റ് പാട്ട വ്യവസ്ഥയിൽ നൽകിയിരിക്കുകയാണ്.

(ബി) കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം ആലപ്പുഴയിലെ കനാലുകളുടെ സംരക്ഷണത്തിന് സഹായകരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. കൂടാതെ കനാലിന്റെ ഇരുവശങ്ങളിലും കച്ചവടം നടത്തിക്കൊണ്ടിരിക്കുന്നവരെ പുനരധിവസിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly